## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1756**     **4..10..2011 ൽ മറുപടിയ്ക്ക്**

### അട്ടപ്പാടിയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അട്ടപ്പാടിയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഉള്ള പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. നാഷണൽ തെർമ്മൽ പവർ കോർപ്പറേഷനുമായി ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന വിൻഡ് ഫാം പദ്ധതിയിൽ അട്ടപ്പാടിയിലെ നല്ലശിംഗം, കോട്ടത്തറ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) ഇതിനായി എങ്ങനെ ഭൂമി കണ്ടെത്താനാണ് ബോർഡ് ആലോചിക്കുന്നത്; | (ബി) സർക്കാരിന്റെയോ, സ്ഥാപനങ്ങളുടെയോ വ്യക്തികളുടേയോ കൈവശമുള്ള ഭൂമി ഇതിനായി ഉപയോഗിക്കാനുദ്ദേശിക്കുന്നു. |
| (സി) ആദിവാസികളുടെ ഭൂമി ഇതിനായി ഉപയോഗിക്കുവാൻ ആലോചന ഉണ്ടോ; | (സി, ഡി, &ഇ) ആദിവാസികളുടെ ഭൂമി ഇതിനായി ഉപയോഗിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല. എന്നാൽ കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഏതെങ്കിലും ആദിവാസി സ്വന്തം ഇഷ്ട പ്രകാരം NTPC എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനത്തെ അനുവദിക്കുകയാണെങ്കിൽ, ഭൂമിയിൽ ആദിവാസിയുടെ അവകാശം പൂർണമായും നിലനിർത്തിക്കൊണ്ട്, ഉല്പാദിന്നിക്കുന്ന വൈദ്യുതി KSEB വാങ്ങുന്നതും ഇതിന്റെ വിൽപനമൂലമുണ്ടാകുന്ന വരുമാനത്തിന്റെ അഞ്ച് ശതമാനംപ്രസ്തുത ആദിവാസിയ്ക്ക് KSEB നേരിട്ട് നൽകുന്നതുമാണ്. |
| (ഡി) പദ്ധതി നടപ്പാക്കുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം ആദിവാസികൾക്കുതന്നെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | |
| (ഇ) ഭൂമി വിട്ടുതരാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് റവന്യൂ ഷെയർ നൽകുന്ന കാര്യം പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ